"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-ജീവനക്കാര്യം-ശ്രീ.മുഹമ്മദ് ഹ്വൈവെസ് എം, ജോയിന്റ് ഡയറക്ടർ - Waste Management Cell(സ്വാഗ് സെൽ) ലെ അന്യത്രസേവന കാലാവധി നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു)വകുപ്പ്**

സ.ഉ.(സാധാ) നം.2339/2024/LSGD തീയതി,തിരുവനന്തപുരം, 30-11-2024

---

പരാമർശം:-

1. സ.ഉ (സാധാ)നം.1942/2021/തസ്വഭവ തീയതി 07.10.2021
2. സ.ഉ (സാധാ)നം.2606/2022/തസ്വഭവ തീയതി 27.10.2022
3. സ.ഉ (സാധാ)നം 2103/2023/തസ്വഭവ തീയതി 27.10.2023
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 30-09-2024-ലെ LSGD/PD/54342/2023-SWAG2 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പിൽ കോർപ്പറേഷൻ സെക്രട്ടറി തസ്തികയിൽ സേവനം അനുഷ്ഠിച്ചു വന്ന ശ്രീ.മുഹമ്മദ് ഹ്വൈവെസ് എം-നെ തദ്ദേശ സ്വയംഭരണ (നഗരം) വകുപ്പിലെ സ്വാഗ് സെല്ലിൽ ഡെപ്യൂട്ടി ഡയറക്ടറായി പരാമർശം (1) ഉത്തരവ് പ്രകാരം അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവായിരുന്നു. തുടർന്ന് പരാമർശം (2)&(3)സർക്കാർ ഉത്തരവുകൾ പ്രകാരം രണ്ട് വർഷത്തേക്ക് കൂടി അന്യത്രസേവനം ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. ടി ഉത്തരവുകൾ പ്രകാരം 13.10.2021 മുതൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മേൽ തസ്തികയിൽ സേവനം അനുഷ്ഠിച്ചു വരുന്ന ടിയാളുടെ സേവന കാലാവധി 12.10.2024 ൽ അവസാനിക്കുന്നതിനാൽ ആയത് ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള ടിയാന്റെ അപേക്ഷ പരാമർശം(4)പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സമർപ്പിച്ചിരിക്കുന്നു.

2. ശ്രീ.മുഹമ്മദ് ഹ്വൈവെസ് എം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഖര-ദ്രവ മാലിന്യ സംസ്കരണ പ്രോജക്ടുകൾ, ടി വിഷയവുമായി ബന്ധപ്പെട്ട ബഹു.സുപ്രീംകോടതി ഹൈക്കോടതി കേസുകൾ, ദേശീയ ഹരിത ട്രിബ്യൂണൽ, SBM, MS Act 2013, സഫായി മിത്ര തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുകയും വിഷയത്തിൽ യഥാസമയം അവലോകനങ്ങൾ നടത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നതും തദ്ദേശ സ്വയംഭരണ വകുപ്പിലേക്ക് യഥാസമയം റിപ്പോർട്ടുകൾ നൽകുന്നതും, സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡ്, ശുചിത്വമിഷൻ എന്നിവയുമായി ചേർന്ന് പ്രവർത്തിച്ചു വരികയും ചെയ്യുന്നു. മാലിന്യമുക്തം നവകേരളവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിന്നും തദ്ദേശ സ്ഥാപനങ്ങൾ, ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസുകളുമായി ഏകോപിപ്പിച്ചു വരുന്നു. കൂടാതെ നമസ്തേ (NAMASTE)

പദ്ധതിയുടെ സംസ്ഥാന നോഡൽ ഓഫീസർ, അഷ്ടമുടി, വേമ്പനാട് കായൽ മലിനീകരണവുമായി ബന്ധപ്പെട്ട ബഹു.ദേശീയ ഹരിത ട്രിബ്യൂണൽ മുൻപാകെയുള്ള OA.No.147/2022 കേസിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള മോണിറ്ററിംഗ് കമ്മിറ്റിയുടെ നോഡൽ ഓഫീസർ, കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ Extended Producer Responsibility യുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ സംസ്ഥാന നോഡൽ ഓഫീസർ എന്നീ നിലകളിലും പ്രവർത്തിച്ചുവരുന്നതായും പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. മേൽ സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിലവിൽ ജോയിന്റ് ഡയറക്ടറായ ശ്രീ.മുഹമ്മദ് ഹൈവെസ് എം -ന്റെ WM Cell (സ്വാഗ് സെൽ) അന്യത്രസേവന കാലാവധി നിലവിലുള്ള അന്യത്രസേവന നിബന്ധനകൾക്കും,വ്യവസ്ഥകൾക്കും വിധേയമായി 13.10.2024 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4.അനുവദിക്കപ്പെട്ട അന്യത്രസേവനത്തിന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പ് കാലാവധി ദീർഘിപ്പിച്ച് ബന്ധപ്പെട്ട അധികാരികളുടെ അനുമതി ലഭിക്കാത്തപക്ഷം അനുവദനീയമായ കാലയളവ് അവസാനിക്കുന്ന ദിവസം അന്യത്ര സേവനത്തിലുള്ള ഉദ്യോഗസ്ഥനെ വിടുതൽ ചെയ്യേണ്ടതാണ്. അന്യത്ര സേവന കാലാവധി അവസാനിക്കുകയും മാതൃവകുപ്പിലേയ്ക്ക് തിരിച്ച് പോകാതിരിക്കുകയും ചെയ്താൽ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് പെൻഷനോ ഇൻക്രിമെന്റിനോ പരിഗണിയ്ക്കുന്നതല്ല. അനുമതി ഇല്ലാതെ അനധികൃതമായി അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് ക്രമീകരിക്കാവുന്നതല്ല. അന്യത്ര സേവന കാലാവധി തീരുന്ന മുറയ്ക്ക് ഉദ്യോഗസ്ഥനെ ശമ്പളവും മറ്റ് അലവൻസുകളും കൈപ്പറ്റുന്നതിന് വിലക്ക് ഏർപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പകർപ്പ്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തൃശ്ശൂർ
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ.മുഹമ്മദ് ഹൈവെസ് എം, ജോയിന്റ് ഡയറക്ടർ (പ്രിൻസിപ്പൽ ഡയറക്ടർ ,തദ്ദേശ സ്വയം ഭരണ വകുപ്പ് മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 02-12-2024 10:52:49
സെക്ഷൻ ഓഫീസർ